IVO-5/45/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീമതി.ശകുന്തള.പി.എം
ശ്രേയസ്, മരുതായ്
പി.ഒ.പൊറോറ-670702

സർ,

വിഷയം:: മാലൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: മട്ടന്നൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ - 1786

.................................

മാലൂർ പഞ്ചായത്തിൽ ശിവപുരം വില്ലേജിൽ സർവ്വെ നം.44/3 പഴയത് 96/115 ൽ പ്പെട്ട 9.38 ആർ സ്ഥലത്ത് 141 M തറ വിസ്തീർണ്ണത്തിൽ ശ്രീമതി.ശകുന്തള നിർമ്മിച്ച റസിഡൻഷ്യൽ കെട്ടിടത്തിന് മാലൂർ പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി. അദാലത്ത് സ്ഥിര ഉപസമിതി അംഗങ്ങൾ മാലൂർ പഞ്ചായത്ത് ക്ലാർക്ക് എന്നിവർ താങ്കളുടെ സാനിധ്യത്തിൽ സ്ഥല പരിശോധന നടത്തി. സെക്രട്ടറിയുടെ 20/09/2023ന് 4204(1) നമ്പർ ആയി നൽകിയ നോട്ടീസിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരാമർശിക്കുന്ന

1. ആധാരത്തിൽ സ്ഥലത്തിന്റെ വടക്ക് അതിർത്തിക്ക് പുറത്ത് 3 അടി വീതിയിൽ ഇടവഴി എന്ന് രേഖപ്പെടുത്തി കാണുന്നു. മണ്ണ് നീക്കം ചെയ്തതിനാൽ വഴി വീതി സൈറ്റിൽ വ്യക്തമല്ല. ആയതിനാൽ പരാതിക്കാരന്റെ കൈവശമുള്ള സ്ഥലത്തിന്റെ ആധാര പ്രകാരം വിസ്തതി, അതിരളവുകൾ എന്നിവ പ്ലോട്ടിൽ രേഖപ്പെടുത്തി സൈറ്റ് പ്ലാനുകൾ പുന.സമർപ്പിക്കേണ്ടതാണ്.
2. സ്ഥല അതിർത്തിയോട് ചേർന്ന് മണ്ണ് നീക്കം ചെയ്ത ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതാണ്.
3. ~~മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്ന് മണ്ണ് നീക്കം ചെയ്യാൻ~~ അനുമതി വാങ്ങാതെ കെട്ടിട നിർമ്മാണം നടത്തിയതിനാൽ താങ്കളുടെ സ്ഥലത്ത് നിന്ന് മണ്ണ് കുഴി എടുത്ത് നീക്കം ചെയ്തതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ക്രമവൽകരണ ഉത്തരവ് ഹാജരാക്കേണ്ടതാണ്.
4. സമർപ്പിച്ച പ്ലാനിലെ വാസഗൃഹത്തിന്റെ തറവിസ്തീർണവും നിർമ്മിച്ച കെട്ടിടത്തിന്റെ തറവിസ്തീർണ്ണവും ശരിയാണ് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതണ്.

ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
29/01/2024